Date 31/9/18 No 80 GM OP SO(A/Cs) SOS MANG: DIRECTOR

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - - തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് എൽ.ഇ.ഡി. ഉൾപ്പെടെയുള്ള തെരുവുവിളക്കുകൾ ടെണ്ടർ കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം.2330/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 31.08.2018.

പരാമർശം : 1) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 03.07.2018-ലെ എം.ഡി / 914/ 2018 - 19 -ാം നമ്പർ കത്ത്

2) സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2018 ലെ 4.38 നമ്പർ യോഗതീരുമാനം

## ഉത്തരവ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാവശ്യമായ എൽ.ഇ.ഡി. ലൈറ്റുകൾ ഉൾപ്പെടെയുള്ള തെരുവുവിളക്കുകൾ ടെണ്ടർ കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നു വാങ്ങാൻ 07.09.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നതിനാൽ ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഉണ്ടാകണമെന്ന് പരാമർശം (1) പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇന്ഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം 13/08/2018 ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാന പ്രകാരം സർക്കാർ ഏജൻസികൾ നിർമ്മിക്കുന്ന സാധനങ്ങൾ ടെണ്ടർ കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണെന്ന നിർദ്ദേശമുള്ളതിനാൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കാവശ്യമായ എൽ.ഇ.ഡി. ലൈറ്റുകൾ ഉൾപ്പെടെയുള്ള തെരുവുവിളക്കുകൾ ടെണ്ടർ കൂടാതെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ,തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്,പള്ളിമുക്ക്, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ, സംസ്ഥാനറിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ